ബസ്സ് സ്റ്റോപ്പ് സ്ഥലങ്ങൾ

*൪൦൦. (൭൧) ശ്രീ. എൻ. വി. ചാക്കോ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എറണാകുളത്തു നിന്നു പുതുപതടിറോഡും, മറ്റു റോഡുകളുംതമ്മിൽ മുട്ടുകയോ, ക്രോസ്ചെയ്യുകയോ ചെയ്യുന്നസ്ഥലങ്ങളിൽ സർവ്വീസുബസ്സുകൾ ബസ്സ്സ്റ്റോപ്പായി നിറുത്തുവാൻ ഏർപ്പാടുചെയ്യണമെന്നു് അപേക്ഷകിട്ടിയിട്ടുണ്ടോ;

(ബി) ഡർബാർഹാൾ റോഡും പുതുപതടിറോഡും ക്രോസ്ചെയ്യുന്നസ്ഥലത്തു ഈ രണ്ടു റോഡിലും കൂടി ഓടുന്ന സർവ്വീസ്ബസ്സുകൾ നിറുത്തുന്നതിനു് ഗവണ്മെൻറ് വല്ല നടപടിയും എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് എന്നു നടപ്പിൽവരുമെന്നു പറയുമോ;

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഉടനെ നടപ്പിൽവരുത്തുവാൻ ആലോചിക്കുന്നുണ്ടു്.

Questions posted for Answer on 19th September 1951

ഓവർലോഡു്

*൪൦൨. (൫൫) ശ്രീ കണ്ണാറതോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു മന്ത്രി സദയം മറുപടി പറയുമോ.—

(എ) State Transport Bus Service ലും Private Bus Service ലും ഓവർലോഡു് കയറ്റുന്നതിനെസംബന്ധിച്ചു് എന്തെങ്കിലും നിയമമോ സർക്കുലറോ പ്രസ്നോട്ടോ ഉണ്ടോ;

(ബി) ഓവർലോഡിനെ സംബന്ധിച്ചു് State Transport ലും Private Transport ലും വ്യത്യസ്തമായ നില സ്വീകരിക്കുവാൻ കാരണമെന്താണെന്നു അറിയാമോ;

(സി) State Transport Bus കളിന്മേൽ വിപരീതമായി overload കയറ്റിയാൽ കേസ്സെടുക്കുന്നതിനുള്ള അധികാരം ആർക്കാണു്;

(ഡി) State Transport സർവ്വീസു് തുടങ്ങിയിട്ടു് നാളിതുവരെ എത്ര കേസു് ഓവർലോഡു് കയറ്റിയതിനു് എടുത്തിട്ടുണ്ടെന്നു് പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്. Sub-Rule IV (2) of Rule 341 of the Travancore Cochin Motor Vehicles Rules 1950 നോക്കുക.

(ബി) ഗവണ്മെൻറിന്റെ ആയതുകൊണ്ടു്.

(സി) തൽക്കാലം ആർക്കും അധികാരം കൊടുത്തിട്ടില്ല.

(ഡി) ഇതുവരെ ഒരു കേസും ഓവർലോഡു് കയറ്റിയതിനു് എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly